## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1893 08.12.2014-ൽ മറുപടിയ്ക്ക്

## മുഖ്യമന്ത്രി ഒടുവിൽ പ്രധാനമന്ത്രിയെ ഡൽഹിയിൽ പോയി സന്ദർശിച്ചത്

| | ചോദ്യം<br>ഡോ. കെ. ടി. ജലീൽ | | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | മുഖ്യമന്ത്രി ഏറ്റവുമൊടുവിൽ പ്രധാനമന്ത്രിയെ ഡൽഹിയിൽ പോയി സന്ദർശിച്ചത് എന്നായിരുന്നു ; | (എ) | 2014 ഒക്ടോബർ 16 |
| (ബി) | ഈ സംഘത്തിൽ മുഖ്യമന്ത്രിയ്ക്കൊപ്പം മറ്റാരെല്ലാമായിരുന്നു ഉണ്ടായിരുന്നത് ; എത്ര കേന്ദ്രമന്ത്രിമാരെയാണ് നേരിൽകണ്ട് സംഘം ചർച്ച നടത്തിയത് ; | (ബി) | പ്രധാനമന്ത്രിയെ സന്ദർശിച്ചപ്പോൾ മുഖ്യമന്ത്രിക്കൊപ്പം ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി; തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി; വിദ്യാഭ്യാസ വകുപ്പുമന്ത്രി; വനം, പരിസ്ഥിതി, ഗതാഗതം, സ്പോർട്സ് & സിനിമ വകുപ്പുമന്ത്രി; റവന്യൂ വകുപ്പുമന്ത്രി; ജലവിഭവ വകുപ്പുമന്ത്രി; മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി; ആരോഗ്യ കുടുംബക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി എന്നിവരാണ് ഉണ്ടായിരുന്നത്. പ്രധാനമന്ത്രിയെക്കൂടാതെ കേന്ദ്ര മാനവശേഷി വികസന വകുപ്പുമന്ത്രി, കേന്ദ്ര പരിസ്ഥിതി വകുപ്പുമന്ത്രി, കേന്ദ്ര കൃഷി വകുപ്പുമന്ത്രി, കേന്ദ്ര വാണിജ്യവും വ്യവസായവും വകുപ്പുമന്ത്രി എന്നിവരെയാണ് മുഖ്യമന്ത്രി സന്ദർശിച്ചത്. |
| (സി) | സംസ്ഥാനത്തിന്റെ എന്തെല്ലാം ആവശ്യങ്ങൾ സന്ദർശന വേളയിൽ ഉന്നയിക്കുകയുണ്ടായെന്ന് വ്യക്തമാക്കാമോ ; | (സി) | <u>പ്രധാനമന്ത്രിയുമായുള്ള സന്ദർശനവേളയിൽ ഉന്നയിച്ച വിഷയങ്ങൾ ചുവടെ ചേർക്കുന്നു.</u><br>1. 35- ാമത് നാഷണൽ ഗെയിംസിന്റെ ചീഫ് ഗസ്റ്റായുള്ള ക്ഷണം.<br>2. കസ്തൂരിരംഗൻ റിപ്പോർട്ട് പ്രകാരമുള്ള നോട്ടിഫിക്കേഷൻ സംബന്ധിച്ച വിഷയങ്ങൾ<br>3. കോസ്റ്റൽ റഗുലേഷൻ സോൺ നോട്ടിഫിക്കേഷൻ സംബന്ധിച്ച വിഷയങ്ങൾ<br>4. റബർ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സർക്കാർ നയത്തിൽ വരുത്തേണ്ട മാറ്റങ്ങൾ<br>5. ശബരിമലയെ ദേശീയ തീർത്ഥാടനകേന്ദ്രമായി പ്രഖ്യാപിക്കുക.<br>6. മരുന്നുകളുടെ വില നിയന്ത്രണം<br>7. പാലക്കാട് റയിൽകോച്ച് ഫാക്ടറി |

8. വിഴിഞ്ഞം തുറമുഖ പദ്ധതിക്കായി VGF (Viability Gap Funding) അനുവദിക്കുക
9. തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിനെ നാഷണൽ കാൻസർ സെന്ററാക്കുക
10. നിലമ്പൂർ-നഞ്ചൻഗോഡ് റയിൽവേ നിർമ്മാണം.
11. സീറോ ലാൻഡ്‌ലസ്സ് സ്കീം ഗ്രാന്റ് ലഭ്യമാക്കുക
12. FACT പുനരുദ്ധാരണം
13. മത്സ്യബന്ധന മേഖലയിൽ അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ മൂലധന ചെലവിനുള്ള സാമ്പത്തിക സഹായം 40%-ൽ നിന്നുയർത്തി മുൻപുണ്ടായിരുന്ന 75% ആയി പുനഃസ്ഥാപിക്കുക
14. കേരളത്തിൽ സബർബൻ റയിൽവേ ആരംഭിക്കുക
15. സൊമാലിയൻ കടൽക്കൊള്ളക്കാർ തടവിലാക്കിയ മലയാളികൾ ഉൾപ്പെടെയുള്ള ഇൻഡ്യാക്കാരുടെ മോചനം.
16. നൈപുണ്യവികസന പദ്ധതികൾക്കുള്ള സാമ്പത്തിക സഹായം
17. Kerala University of Fisheries and Ocean Studies-ന് സാമ്പത്തിക സഹായം
18. ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബോട്ടാണിക്കൽ ഗാർഡൻ കേന്ദ്ര സർക്കാർ ഏറ്റെടുക്കുക

<u>കേന്ദ്ര മാനവശേഷി വികസന വകുപ്പുമന്ത്രിയുമായുള്ള സന്ദർശനവേളയിൽ ഉന്നയിച്ച വിഷയങ്ങൾ ചുവടെ ചേർക്കുന്നു.</u>

1. കേരള യൂണിവേഴ്സിറ്റിയുടെ 10 ബി.എഡ് കോളേജുകളുടെ എൻ.സി.റ്റി.ഇ അംഗീകാരം പുനഃസ്ഥാപിക്കുക
2. ഹൈദ്രാബാദ് ഇംഗ്ലീഷ് & ഫോറിൻ ലാംഗ്വേജ് യൂണിവേഴ്സിറ്റിയുടെ ഓഫ് ക്യാംപസ് സെന്റർ കേരളത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുക
3. കേരളത്തിൽ IIT സ്ഥാപിക്കുന്നതിനായി സൈറ്റ് സെലക്ഷൻ കമ്മിറ്റിയുടെ സന്ദർശനം
4. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി സംസ്ഥാനത്തിനു പുറത്ത് ഗൾഫ് രാജ്യങ്ങളിൽ നടത്തുന്ന ഓഫ് ക്യാംപസ് സെന്ററുകൾ അടച്ചുപൂട്ടുന്നതിന് UGC നൽകിയ നിർദ്ദേശം പിൻവലിക്കുക

| | | | |
|---|---|---|---|
| | | | 5. ആറാം ശമ്പള പരിഷ്ക്കരണ കമ്മീഷനുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിനു ചെലവായ അധിക തുകയുടെ കേന്ദ്ര വിഹിതമായ 251.26 കോടി രൂപ ലഭ്യമാക്കുക<br><br>6. കൊച്ചിയിലെ കുസാറ്റിനെ IIEST (Indian Institute of Engineering Science & Technology) ആയി ഉയർത്തുക<br><br><u>കേന്ദ്ര പരിസ്ഥിതി വകുപ്പുമന്ത്രിയുമായുള്ള സന്ദർശനവേളയിൽ ഉന്നയിച്ച വിഷയങ്ങൾ ചുവടെ ചേർക്കുന്നു.</u><br><br>1. കസ്റ്റൂരിരംഗൻ റിപ്പോർട്ട് പ്രകാരമുള്ള നോട്ടിഫിക്കേഷൻ സംബന്ധിച്ച വിഷയങ്ങൾ<br><br>2. വയനാട് വൈൽഡ് ലൈഫ് സാങ്ച്വറി സംബന്ധിച്ച പുനരധിവാസത്തിനായുള്ള ധനസഹായം<br><br>3. കോസ്റ്റൽ റഗുലേഷൻ സോൺ (സി.ആർ.ഇസഡ്) നോട്ടിഫിക്കേഷൻ സംബന്ധിച്ച കേരളത്തിന്റെ നിർദ്ദേശങ്ങൾ<br><br><u>കേന്ദ്ര കൃഷിവകുപ്പു മന്ത്രിയുമായുള്ള സന്ദർശന വേളയിൽ ഉന്നയിച്ച വിഷയങ്ങൾ ചുവടെ ചേർക്കുന്നു.</u><br><br>1. കൊല്ലം തുറമുഖത്ത് Plant Quarantine Station സ്ഥാപിക്കുക<br>2. മത്സ്യബന്ധനമേഖലയിലെ അടിസ്ഥാന സൗകര്യവികസനപദ്ധതികളുടെ മൂലധനചെലവിന്റെ കേന്ദ്രസഹായം 40% ആക്കി ചുരുക്കിയത് 75% ആയി പുനഃസ്ഥാപിക്കുക<br>3. ഗ്ലോബൽ അഗ്രോ മീറ്റ് ഉദ്ഘാടനം ചെയ്യുന്നതിനുള്ള ക്ഷണം<br>4. കുട്ടനാട് പാക്കേജിന്റെ സമയപരിധി 2 വർഷം നീട്ടിനൽകുക<br>5. ഇടുക്കി പാക്കേജിന്റെ സമയപരിധി 2 വർഷം നീട്ടിനൽകുക<br><br><u>കേന്ദ്ര വാണിജ്യ വ്യവസായ വകുപ്പുമന്ത്രിയുമായുള്ള സന്ദർശനവേളയിൽ ഉന്നയിച്ച വിഷയങ്ങൾ ചുവടെ ചേർക്കുന്നു.</u><br><br>1. അഴീക്കൽ, ബേപ്പൂർ, കൊല്ലം തുറമുഖങ്ങളിൽ ASIDE സ്കീമിൽ ക്രെയിൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ<br>2. കേരളത്തിലെ റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ നയത്തിൽ വരുത്തേണ്ട മാറ്റങ്ങൾ |
| (ഡി) | ഉന്നയിച്ച ഏതെല്ലാം കാര്യങ്ങളിൽ പ്രധാനമന്ത്രിയും മറ്റ് മന്ത്രിമാരും ഉറപ്പുനൽകുകയുണ്ടായി : ഇവ | (ഡി) | സംസ്ഥാനം വിവിധ നിവേദനങ്ങളിലൂടെ ഉന്നയിച്ച എല്ലാ ആവശ്യങ്ങൾക്കും അനുഭാവപൂർണ്ണമായ സമീപനമാണ് കേന്ദ്രസർക്കാരിന്റെ ഭാഗത്തു നിന്നും |

| | | | |
|---|---|---|---|
| | യിൽ നടപ്പിലാക്കിയവ ഏതെല്ലാം ; നടപ്പിലാക്കാത്തവ ഏതെല്ലാം ; വ്യക്തമാക്കാമോ ; | | ലഭ്യമായത്. ഈ നിവേദനത്തിൽ ആവശ്യപ്പെട്ടവയിൽ പാലക്കാട് കോച്ച് ഫാക്ടറി, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് VGF (Viability Gap Funding) തുടങ്ങിയവയ്ക്ക് അനുകൂലമായ പ്രതികരണം ലഭിച്ചിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് നിവേദനങ്ങളിലൂടെ ഉന്നയിച്ച വിവിധ ആവശ്യങ്ങൾ കേന്ദ്ര സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (ഇ) | പ്രസ്തുത സന്ദർശനവുമായി ബന്ധപ്പെട്ട് സംസ്ഥാന ഖജനാവിൽ നിന്നും ചെലവായ ആകെ തുക എത്രയെന്ന് വ്യക്തമാക്കാമോ ? | (ഇ) | പ്രസ്തുത സന്ദർശനവുമായി ബന്ധപ്പെട്ട് യാത്രാബത്തയിനത്തിൽ ക്ലെയിം ചെയ്യപ്പെട്ട 26,014/- രൂപ നാളിതുവരെ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ